(ഐ) മൂന്ന് അഡീഷണൽ സെക്രട്ടറി തസ്തിക ഉൾപ്പെടെ നാൽപ്പത്തിയൊമ്പത് (49) തസ്തികകൾ വെട്ടിക്കുറവ് നടത്തിയിട്ടുണ്ട്.

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശകൾ

4 (4042) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ ഇൻസ്പെക്ഷൻ (ടെക്നിക്കൽ) വിഭാഗം അന്വേഷണം നടത്തി ക്രമക്കേടുകൾ കണ്ടെത്തി റിപ്പോർട്ട് അതാത് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയാൽ അതാത് വകുപ്പുകൾ ആ റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ അറിയിക്കാറുണ്ടോ ;

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശകൾ തള്ളിക്കളയുവാൻ അതാത് വകുപ്പുകൾക്ക് അധികാരമുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയത് ഇല്ലാതാക്കുന്നതിനു വേണ്ടി പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഗവൺമെന്റ് ഉത്തരവ് (പി) നമ്പർ 506/92./ധന തീയതി 20-8-1992 പ്രകാരം റിപ്പോർട്ട് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ധനകാര്യ വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ബി) ഗവൺമെന്റ് ഉത്തരവ് (പി) നമ്പർ 2981/98/ധന. തീയതി 25-11-1998 സർക്കുലർ നമ്പർ 66154/എഫ്.ഐ.ഡബ്ല്യൂ-ജി29/2002/ധന തീയതി 22-3-2003 എന്നിവ പ്രകാരം ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശകൾ തള്ളിക്കളയുവാൻ അതാത് വകുപ്പുകൾക്ക് അംഗീകാരമില്ല.

(സി) ഉദിക്കുന്നില്ല.

ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അധികാര പരിധി

5 (4043) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ വകുപ്പിന്റെ അധീനതയിലുള്ള ധനകാര്യ ഇൻസ്പെക്ഷൻ വിംഗിന്റെ അധികാര പരിധി ഏതുവരെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് മുഴുവൻ വകുപ്പുകളിലും ഇൻസ്പെക്ഷൻ നടത്തുവാനുള്ള അധികാരം ഈ വിംഗിന് നൽകിയിട്ടുണ്ടോ ;

(സി) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് അന്വേഷണം നടത്താറുണ്ടോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly